# മഹാത്മാഗാന്ധി സർവകലാശാല

പുറത്തെഴുത്ത് നം. 13418/AD A3/4/2019/ADMIN                                    തീയതി. 13.06.2019

സംസ്ഥാനത്തെ എല്ലാ സർക്കാർ കോളേജുകളുടെയും/ സർവ്വകലാശാലകളുടെയും നിയന്ത്രണത്തിൽ വരുന്ന വനിതാ ഹോസ്റ്റലുകളിലെ വിദ്യാർഥിനികൾക്ക് അവരുടെ കോളേജുകളിലെയും/ സർവ്വകലാശാലകളിലെയും ലാബ്/ ലൈബ്രറി സൗകര്യങ്ങൾ, ആൺകുട്ടികളെപോലെ തന്നെ പെൺകുട്ടികൾക്കും പ്രയോജനപ്പെടുത്തുന്നതിനായി വിദ്യാർത്ഥിനികൾക്ക് ഹോസ്റ്റലുകളിൽ വൈകുന്നേരം തിരികെ പ്രവേശിക്കാനുള്ള സമയം ആൺകുട്ടികളുടെ ഹോസ്റ്റലിന്റെ അതേ സമയക്രമം തന്നെ പാലിച്ച് രാത്രി 9.30 വരെ ആയി ദീർഘിപ്പിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം.539/2019/ഉ.വി.വ. തീയതി 07.04.2019, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III പരിച്ഛേദം 10.17 ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച് സർവകലാശാലയിൽ നടപ്പിലാക്കുവാൻ വൈസ് ചാൻസലർ (i/c) ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

PREMKUMAR R
ASSISTANT REGISTRAR I ADMINISTRATION
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ് :

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./ പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ എഫ് ഒ/ സി ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി., മഹാത്മാഗാന്ധി സർവകലാശാല
5. പി.ആർ.ഒ/സിറ്റാഡ്/സി.എം.എസ്(വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
6. എഫ്.സി.സി./എ.സി.സി./ഫിനാൻസ് I / IV / ഓഡിറ്റ് I / IV / ഐ.ക്യു.എ.സി.
7. എഡി എ I /എഡി എ II /എഡി എ IV /എഡി എ V /എഡി സി. I/II/III
8. സ്റ്റോക്ക് ഫയൽ / റെക്കോർഡ്സ് സെക്ഷൻ/ ഫയൽ കോപ്പി

Draft #1 of File 13418/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I ADMINISTRATION on 13-Jun-2019 12:19 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സർക്കാർ കോളേജ്/സർവ്വകലാശാലകളുടെ നിയന്ത്രണത്തിലുള്ള വനിതാ ഹോസ്റ്റലുകളിലെ സമയക്രമം - സമയപരിധി ദീർഘിപ്പിച്ച്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.539/2019/ഉ.വി.വ. തീയതി, തിരുവനന്തപുരം 07.04.2019

==========================================================================

പരാമർശം- 1. തിരുവനന്തപുരം, വഴുതക്കാട് വനിതാ ഹോസ്റ്റലിലെ അന്തേവാസികളായ വിദ്യാർത്ഥിനികളുടെ അപേക്ഷ

2. തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് യൂണിയന്റെ 20.03.2019-ലെ കത്ത്

**<u>ഉത്തരവ്</u>**

പരാമർശ കത്തുകൾ പ്രകാരം സർവ്വകലാശാലകളുടെ/കോളേജുകളുടെ അധീനതയിലുള്ള വനിതാ ഹോസ്റ്റലുകളിലെ വിദ്യാർത്ഥിനികൾക്ക് വനിതാ ഹോസ്റ്റലുകളിൽ വൈകുന്നേരം തിരികെ പ്രവേശിക്കുന്നതിനുള്ള സമയപരിധി നീട്ടുന്നതിനായി സമർപ്പിച്ച അപേക്ഷ പരിശോധിച്ചു.

ലാബ്/ലൈബ്രറി സൗകര്യങ്ങൾ കോളേജ് പഠനത്തിന്റെ ഭാഗമാണ്, പ്രത്യേകിച്ചും പരീക്ഷാക്കാലത്ത് പ്രോജക്ടുകൾ തീർക്കാനായി ലാബുകളും ലൈബ്രറികളും കൂടുതലായി കുട്ടികൾ ഉപയോഗിക്കുന്നു. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന്റെ വനിതാ ഹോസ്റ്റലുകളിൽ വൈകുന്നേരം തിരികെ പ്രവേശിക്കുവാനുള്ള സമയപരിധി അടുത്തിടെ രാത്രി 9.30 മണി വരെ ഇക്കാരണത്താൽ ദീർഘിപ്പിച്ച് നൽകിയിരുന്നു. ആയതിനാൽ സംസ്ഥാനത്തെ എല്ലാ സർക്കാർ കോളേജുകളുടെയും/സർവ്വകലാശാലകളുടെയും നിയന്ത്രണത്തിൽവരുന്ന വനിതാ ഹോസ്റ്റലുകളിലെ വിദ്യാർത്ഥിനികൾക്ക് അവരുടെ കോളേജുകളിലെയും/സർവ്വകലാശാകളിലെയും ലാബ്/ലൈബ്രറി സൗകര്യങ്ങൾ, ആൺകുട്ടികളെപോലെ തന്നെ പെൺകുട്ടികൾക്കും പ്രയോജനപ്പെടുത്തുന്നതിനായി വിദ്യാർത്ഥിനികൾക്ക് ഹോസ്റ്റലുകളിൽ വൈകിട്ട് തിരികെ പ്രവേശിക്കുവാനുള്ള സമയം ആൺകുട്ടികളുടെ ഹോസ്റ്റലിന്റെ അതേ സമയക്രമം തന്നെ പാലിച്ചു രാത്രി 9.30 വരെ ആയി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം,)

**ഡോ.ഉഷ ടൈറ്റസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല, മലപ്പുറം/ കണ്ണൂർ സർവ്വകലാശാല, കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യുവാൽസ് ക്യാമ്പസ്,

എച്ച്.എം. റ്റി. കോളനി.പി.ഒ., കളമശ്ശേരി, എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം.

4. ഡയറക്ടർ, കെ ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ്, തെക്കുംതല, കോട്ടയം-686 585
5. www.highereducation.kerala.gov.in (പ്രസിദ്ധീകരണത്തിന്)
6. വെബ് & ന്യൂ മീഡിയ
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ